(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

ആഗോള നിക്ഷേപക സംഗമം

1 [461] ശ്രീ. സി.ദിവാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2003-ൽ നടന്ന ആഗോള നിക്ഷേപ സംഗമം വഴി സംസ്ഥാനത്ത് ഇതുവരെയായി ആരംഭിക്കാൻ കഴിഞ്ഞിട്ടുള്ള വ്യവസായങ്ങൾ ഏതൊക്കെയാണെന്ന് വെളിപ്പെടുത്താമോ; എത്ര കോടി രൂപയുടെ നിക്ഷേപം ഇതുവഴി സംസ്ഥാനത്ത് എത്തിയിട്ടുണ്ട്;

(ബി) 'ജിം' സംഗമത്തിൽ പ്രധാനമന്ത്രി എത്രകോടി രൂപയുടെ പദ്ധതി കളാണ് പ്രഖ്യാപിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) ഇതിൽ എത്രകോടി രൂപയുടെ പദ്ധതികൾക്ക് തുടക്കം കുറിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ആഗോള നിക്ഷേപക സംഗമത്തിന്റെ ധാരണാപത്രം ഒപ്പുവെച്ച് പ്രവർത്തനം ആരംഭിച്ച 14 പദ്ധതികളുടെ വിശദാംശം അനുബന്ധം 1† ആയി ചേർത്തിരിക്കുന്നു. 217 കോടി രൂപയുടെ നിക്ഷേപം ഇതുവഴി ഉണ്ടായിട്ടുണ്ട്.

(ബി) 10,000 കോടി രൂപയുടെ പദ്ധതികൾ ജിം-ൽ പ്രഖ്യാപിച്ചിരുന്നു.

(സി) 2,600 കോടി രൂപ മുതൽ മുടക്കുള്ള കൊച്ചി നിർമ്മാണനഗരിയുടെ വികസനത്തിനുള്ള പദ്ധതികൾ തുടങ്ങിക്കഴിഞ്ഞു. 2,000 കോടി ചെലവു പ്രതീക്ഷി ക്കുന്ന വല്ലാർപാടം പദ്ധതിയുടെ പ്രവർത്തനം 2005 ഫെബ്രുവരിയിൽ തുടക്കം കുറിക്കും. 7,600 കോടി രൂപ ചെലവിൽ എൻ.ടി.പി.സി.-യുടെ കായംകുളം താപനിലയത്തിന്റെ ഇരട്ടിപ്പുദ്ദേശിച്ചുള്ള വികസനത്തിനുള്ള പദ്ധതിയും പ്രാരംഭ ദിശയിലാണ്.

ആലപ്പുഴ കെ.എസ്.ഡി.പി. കമ്പനി

2 [466] ഡോ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴയിലെ കെ.എസ്.ഡി.പി. കമ്പനിയെ ഹിന്ദുസ്ഥാൻ ലാറ്റക്സ് ലിമിറ്റഡ് (എച്ച്.എൽ.എൽ.) ഏറ്റെടുക്കാമെന്ന് സമ്മതിച്ചിട്ടുണ്ടോ, എങ്കിൽ ഇക്കാ ര്യത്തിൽ നാളിതുവരെ എന്തൊക്കെ നടപടികൾ പൂർത്തിയാക്കിയെന്നും കമ്പനി തുടങ്ങുന്നതിനുള്ള നടപടികൾ എപ്പോൾ പൂർത്തിയാക്കുമെന്നും വിശദമാക്കാമോ;

(ബി) കമ്പനി ഏറ്റെടുക്കുന്നതിന് എച്ച്.എൽ.എൽ. എന്തെങ്കിലും നിബന്ധനകൾ മുന്നോട്ടു വച്ചിട്ടുണ്ടോ, എങ്കിൽ അവ എന്തൊക്കെയെന്ന് വിശദ മാക്കാമോ; പ്രസ്തുത നിബന്ധനകൾക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടോ?

† മേലുപ്പെനിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ആന്റ് ബി) ആലപ്പുഴയിലെ കെ.എസ്.ഡി.പി. കമ്പനിയെ ഹിന്ദുസ്ഥാൻ ലാറ്റക്സ് ലിമിറ്റഡ് (എച്ച്.എൽ.എൽ.) ഏറ്റെടുക്കുന്നതിനായി കരട് ധാരണാപത്രം വയ്ക്കുന്നതിന് സർക്കാർ അനുമതി നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ കരട് ധാരണാപത്രം സർക്കാർതലത്തിൽ പരിശോധിച്ചുവരികയുമാണ്. ഇത് സംബന്ധിച്ച് അന്തിമ തീരുമാനം വൈകാതെ ഉണ്ടാകുന്നതാണ്.

'സിൽക്ക്'-ന്റെ ഓഫീസ് സീൽ ചെയ്ത നടപടി

3 [466] ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ അത്താണിയിലെ 'സിൽക്ക്'-ന്റെ കോർപ്പറേറ്റ് എം.ഡി.-യുടെ ഓഫീസ് പ്രോവിഡന്റ് ഫണ്ട് കുടിശ്ശിക അടക്കാത്തതിനാൽ സീൽ ചെയ്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 'സിൽക്ക്'-ന്റെ സ്ഥാപനങ്ങൾ കുടിശ്ശിക അടയ്ക്കാനുള്ള പി.എഫ്. സംഖ്യ എത്ര എന്ന് വ്യക്തമാക്കാമോ;

(ബി) തൊഴിലാളികളിൽ നിന്ന് പിരിച്ചെടുത്ത പി.എഫ് തുക അടയ്ക്കുന്നതിന് സ്വീകരിച്ച നടപടി എന്തെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) എറണാകുളം റീജിയണൽ പ്രൊവിഡന്റ് ഫണ്ട് കമ്മീഷണറുടെ ഉത്തരവനുസരിച്ച് സിൽക്ക് എം.ഡി.-യുടെ ഓഫീസ് പ്രൊവിഡന്റ് ഫണ്ട് അധികാരികൾ 11-1-2005-ന് സീൽ ചെയ്തിരുന്നു. ബഹു. ഹൈക്കോടതിയിൽ നിന്ന് സിൽക്ക് സമ്പാദിച്ച വിധിയുടെ അടിസ്ഥാനത്തിൽ 19-1-2005-ന് പ്രസ്തുത നടപടി പിൻവലിച്ചു, ഓഫീസ് പ്രവർത്തനം പുനരാരംഭിച്ചിട്ടുണ്ട്.

(ബി) സിൽക്ക്-ന്റെ കോർപ്പറേറ്റ് ഓഫീസും വിവിധ യൂണിറ്റുകളും കൂടി ആകെ 2.21 കോടി രൂപയോളം 1998-99 മുതലുള്ള പി.എഫ്. കുടിശ്ശിക അടയ്ക്കുവാനുണ്ട്.

(സി) കമ്പനിയുടെ ഇന്നത്തെ സാമ്പത്തിക സ്ഥിതി അനുസരിച്ച് ഈ തുക കമ്പനിക്ക് അടയ്ക്കുവാൻ പ്രയാസമുള്ളതിനാൽ സാമ്പത്തിക സഹായത്തിനായി സർക്കാരിനെ സമീപിച്ചിട്ടുണ്ട്. വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

പുതുശ്ശേരി വ്യവസായ മേഖലയിൽ പാറ്റ്സ്പിൻ കമ്പനി

4 [467] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് പുതുശ്ശേരി വ്യവസായ മേഖലയിലെ നൂൽ ഉൽപ്പാദിപ്പിക്കുന്ന പാറ്റ്സ്പിൻ കമ്പനിയിൽ എത്ര തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly